## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6165 — 04.07.2019-ൽ മറുപടിയ്ക്ക്

### മത്തിയുടെ ലഭ്യതക്കുറവ് മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ബാധിക്കുന്നത്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ജെ. മാക്സി : | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്തെ മത്സ്യഗവേഷണ സ്ഥാപനങ്ങളെല്ലാം മത്തിയുടെ ഉല്പാദനം തകർച്ചയിലാണെന്ന് പ്രവചിക്കുന്നുണ്ടോ ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ; | (എ) CMFRI നടത്തിയ പഠനത്തിൽ മത്തിയുടെ ലഭ്യതയിൽ കുറവുണ്ടായിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. CMFRI യുടെ കണക്ക് പ്രകാരം കേരളത്തിൽ മത്തി ഏറ്റവും കൂടുതൽ, അതായത് 3.99 ലക്ഷം ടൺ ലഭ്യമായ വർഷം 2012 ആണ്. 2010 മുതൽ 2014 വരെ മത്തിയുടെ ലഭ്യത പിടിച്ചെടുക്കാവുന്ന പരമാവധി അളവിന് മുകളിലായിരുന്നു. അതിനുശേഷം 2016 വരെ ഓരോ വർഷം കഴിയും തോറും മത്തിയുടെ ലഭ്യത കുറഞ്ഞുവരുകയും 2016 ആയപ്പോഴേക്കും 46,000 ടൺ ആയി കുറയുകയും ചെയ്തു. 2017-ൽ 1.27 ലക്ഷം ടൺ ആയി വർദ്ധിച്ചുവെങ്കിലും 2018- ൽ വീണ്ടും അത് കുറഞ്ഞ് 77,000 ടണ്ണിലെത്തുകയാണ് ഉണ്ടായത്. ഇതിന്റെ പ്രധാന കാരണങ്ങളായി കണ്ടെത്തിയിട്ടുള്ളത് കഴിഞ്ഞ വർഷങ്ങളിൽ പിടിച്ചെടുക്കാവുന്ന പരിധിയിൽ നിന്നും അധികമായി പിടിച്ചെടുത്തതും, കാലാവസ്ഥ വ്യതിയാനങ്ങൾ, ആഹാരത്തിന്റെ ലഭ്യതക്കുറവ്, വളർച്ച എത്തും മുന്നേ പിടിച്ചെടുക്കൽ എന്നിവയും ഓരോ 10 വർഷം കൂടുമ്പോൾ ഈ ഉപരിതല മത്സ്യത്തിനുണ്ടാവുന്ന സ്വാഭാവിക പരിണാമങ്ങളുമാണ്. |
| (ബി) 2012-ൽ എത്ര ലക്ഷം ടൺ മത്തി സംസ്ഥാനത്ത് നിന്നും ലഭിച്ചു ; ആയത് 2018 ആയപ്പോഴേക്കും എത്രയായി കുറഞ്ഞു ; വ്യക്തമാക്കാമോ ; | (ബി) CMFRI യുടെ കണക്കനുസരിച്ച് 2012- ൽ മത്തിയുടെ ഉൽപാദനം 3.99 ലക്ഷം ടൺ ആയിരുന്നു. അത് 2018 ആയപ്പോഴേയ്ക്കും 77,000 ടൺ ആയി കുറഞ്ഞു. |
| (സി) ഇപ്രകാരം മത്തിയുടെ ലഭ്യതയിൽ വന്നിട്ടുള്ള കുറവ് സംസ്ഥാനത്തെ എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ട്രോളിംഗ് | (സി) ഉപരിതല മത്സ്യം ആയ തുകൊണ്ട് തന്നെ പരമ്പരാഗത മത്സ്യത്തൊഴിലാളികളാണ് പ്രാധാനമായും മത്തി പിടിച്ചെടുക്കുന്നത്. ട്രോളിംഗ് |

| | | | |
|---|---|---|---|
| | നിരോധനകാലത്ത് ബാധിക്കും ; എപ്രകാരമാണ് ബാധിക്കുക; വ്യക്തമാക്കുമോ ; | | നിരോധനവുമായി മത്തിയുടെ ലഭ്യതയ്ക്ക് ബന്ധമില്ല. എങ്കിലും മത്തിയുടെ ലഭ്യതയിൽ ഉണ്ടായിട്ടുള്ള കുറവ് പ രമ്പരാഗത മത്സ്യത്തൊഴിലാ ളികളുടെ വരുമാനത്തിൽ ഇടിവു ണ്ടാ ക്കിയിട്ടുണ്ട്. എന്നാൽ ഇത് മുൻകൂട്ടി കണ്ട് MLS(Minimum Legal size) നടപ്പിലാക്കുകയും കെ.എം.എഫ്.ആർ ആക്ട് പരിഷ്കരിച്ച ആയതിൽ മത്തിയുടെ പിടിച്ചെടുക്കാവുന്ന ഏറ്റവും കുറഞ്ഞ വലിപ്പം 10 സെന്റീമീറ്റർ ആയി നിജപ്പെടുത്തി യിട്ടുമുണ്ട്. പുതിയ കെ.എം.എഫ്.ആർ ചട്ടങ്ങൾ നടപ്പിലാക്കിയും ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കിയത് വഴി 2018 വർഷം ആകെ സമുദ്ര മത്സ്യ ഉൽപാദനം 6.09 ടണ്ണായി വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. |
| (ഡി) | ജപ്തി ഭീഷണിയും കടക്കെണിയും നേരിടുന്ന ഇത്തരം മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് അടിയന്തര മത്സ്യവരൾച്ചാ പാക്കേജ് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ? | (ഡി) | മത്സ്യവരൾച്ച പാക്കേജ് അനുവദിക്കുന്ന കാര്യം പരിഗണനയിലില്ല. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**